# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 02/16, വെള്ളിയാഴ്ച** **തീയ്യതി 08.01.2016**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 09.01.2016 | 10.01.2016 | 11.01.2016 | 12.01.2016 | 13.01.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 5 | 4 | 2 | 2 | 2 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 70 | 70 | 70 | 70 |

**വിളകളുടെ സ്ഥിതി:**

മുണ്ടകൻ നെൽകൃഷി വിളവെടുപ്പിന്റെ സമയമാണ്. പുതിയ വാഴകൾ നട്ട് ഒന്നു രണ്ടു മാസമാകുന്നു. തെങ്ങിനും കവുങ്ങിനും നന തുടങ്ങാം. ഇഞ്ചി, മഞ്ഞൾ,കുരുമുളക് എന്നിവയിൽ വിളവെടുപ്പിന് സമയമായി. പച്ചക്കറികൾ നടാൻ അനുയോജ്യ സമയമാണ്.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | | മുണ്ടകൻ കൊയ്ത്തു പരുവത്തിലാണ് |
| തെങ്ങ് | ഓലചീയൽ രോഗം | കൂമ്പോലകളുടെ അറ്റം കുമിൾ ബാധിച്ച് അഴുകി ഉണങ്ങി കാറ്റത്തു പറന്നു പോയി ഓലകൾ കുറ്റിയായി നിൽക്കുന്നതാണ് ഓലചീയൽ രോഗം. കാറ്റുവീഴ്ച്ചയുള്ള തെങ്ങുകളിൽ ഈ രോഗവും കാണാം. കഴിയുമെങ്കിൽ ഉണങ്ങി നിൽക്കുന്ന ഭാഗങ്ങൾ വെട്ടിമാറ്റുക. ബോർഡോ മിശ്രിതം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഈ മാസം മണ്ടയിൽ തളിക്കുക. |
| വാഴ | സിഗാടോക്കരോഗം | വാഴയിൽ സിഗാടോക്കരോഗം കാണാനിടയുണ്ട്. ആക്രമണത്തിനു വിധേയമായ ഇലകൾ മുറിച്ച് കൃഷിയിടത്തിൽ നിന്നും നീക്കം ചെയ്യുക. ഇലകളിൽ രോഗലക്ഷണം കണ്ടാലുടൻ 10 മുതൽ 15 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. ആക്രമണം അധികമായാൽ, സാഫ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ | പൗഡറി മിൽഡ്യു | മഞ്ഞുകാലമായതിനാൽ ഇലകളിൽ പൊടി തൂവിയ മാതിരി പൗഡറി മിൽഡ്യു എന്ന രോഗം കാണാം. തുടർന്ന് ഇലകൾ കരിയും. പ്രതിവിധിയായി 0.5 മില്ലി ഡിനോകേപ്പ് (കരാത്തേൻ 48ഇസി) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |